A

702

# സമഗ്ര ശിക്ഷാ കേരളം
# അർധവാർഷിക മൂല്യനിർണയം 2022-23
## മലയാളം
## കേരളപാഠാവലി

ക്ലാസ് - 7 സമയം: 2 മണിക്കൂർ

***നിർദേശങ്ങൾ***

1. താഴെ കൊടുത്തിട്ടുള്ള ആറ് പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

**പ്രവർത്തനം 1 വായിക്കാം എഴുതാം**

താഴെ കൊടുത്ത ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ.

ഓരോ ഋതുക്കളും വരുന്നതിനു മുൻപ് ഏത് ജീവിക്കും അത് തിരിച്ചറിയാനാകും, മനുഷ്യനും. അത്തരത്തിലായിരുന്നു വേനൽക്കാലത്തിന്റെ വരവും. ഞാനത് അനുഭവിച്ചു. മഞ്ഞുകാലത്തിന്റെ മറവിൽ നില്ക്കുന്ന വേനൽക്കാലം. അപ്പോൾ വീശുന്ന കാറ്റിനുപോലും വേനലിന്റെ ഗന്ധമുണ്ടാകും. ഇലകൾ പഴുത്തുതുടങ്ങുന്നതിന്റേതാകാം, മണ്ണ് വരണ്ടുതുടങ്ങുന്നതിന്റേതാകാം, എവിടെയോ വരണ്ട മണ്ണടരുകളിൽ ജലം വാർന്നതിന്റേതാകാം. ചില കാട്ടുവൃക്ഷങ്ങളിലും സസ്യങ്ങളിലും താഴെനിന്ന് ഇലകൾ പഴുത്തുതുടങ്ങുമ്പോൾ വേറെ ചിലതിൽ മുകളിൽനിന്ന് ആ പ്രക്രിയ ആരംഭിക്കുകയായി. ചില വിശാലമായ പാറയിൽ കൊച്ചുകൊച്ചു തുരുത്തുകൾപോലെ ഏതാനും പുല്ലുകളും കുഞ്ഞു ചെടികളും കാണാം. പകൽ മുഴുക്കെ ഏൽക്കുന്ന ചൂടും ചുട്ടുപഴുക്കുന്ന പാറയും ആ കൊച്ചു സസ്യക്കൂട്ടങ്ങളുടെ ഓരോ ദിനങ്ങളെയും പൊള്ളിച്ചുകളയും. അവയൊക്കെ ആദ്യമേ ഉണങ്ങിക്കരിഞ്ഞിട്ടുണ്ടാകും. വേനൽമഴയ്ക്ക് മുൻപേ മറ്റൊരു മഴ പെട്ടെന്ന് കാടിനുമേൽ പെയ്തൊഴിയും. പഴുത്തുനിൽക്കുന്ന ഇലകളെയൊക്കെ പൊഴിച്ചുകളയാനാണത്രേ ആ മഴ.

അവലംബം: കാടിനെ ചെന്നു തൊടുമ്പോൾ - എൻ.എ. നസീർ

1) മഞ്ഞുകാലത്തിന്റെ മറവിൽ നിൽക്കുന്നതാരാണ്?
(വേനൽക്കാലം, മഴക്കാലം, ശിശിരകാലം)
2) വേനലിന് ഗന്ധമുണ്ടാകുന്നതിന് രചയിതാവ് പറയുന്ന ഒരു കാരണം?
(വരണ്ട മണ്ണടരുകളിൽ ജലം വാർന്നത്, സുഗന്ധമുള്ള പൂക്കൾ വിരിയുന്നത്, കസ്തൂരിമാനിന്റെ സാന്നിധ്യം ഉള്ളത്)
3) 'തുരുത്തുകൾ പോലെ' എന്ന പ്രയോഗം കൊണ്ട് രചനയിൽ ഉദ്ദേശിക്കുന്നതെന്ത്?
(നിരന്നു കാണുന്നു, അവിടവിടെ കാണുന്നു, ഒരിടത്തു മാത്രം കാണുന്നു)
4) 'വേനൽമഴയ്ക്ക് മുമ്പേ മറ്റൊരു മഴ പെയ്യുന്നു'. എന്താണിതുകൊണ്ട് അർഥമാക്കുന്നത്?
(ചെടികൾ വളരുന്നത്, പഴുത്ത ഇലകൾ പൊഴിച്ചു കളയുന്നത്, വഴിമുട്ടിയ അരുവികൾ ഒഴുകുന്നത്)
5) സസ്യക്കൂട്ടങ്ങളുടെ ദിനങ്ങളെ പൊള്ളിച്ചു കളയുന്നതെന്താണ്?
(ചുട്ടുപഴുത്ത ഇരുമ്പ്, തിളക്കുന്ന വെള്ളം, പകൽമുഴുക്കെ ഏൽക്കുന്ന ചൂട്)

**പ്രവർത്തനം 2 അഭിമുഖചോദ്യാവലി തയാറാക്കുക**

കതുവനൂർ വീരൻ തെയ്യത്തിന്റെ കഥ നമ്മൾ പരിചയപ്പെട്ടല്ലോ. കേരളത്തിലെ ചില പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള മറ്റൊരു കലാരൂപമാണ് തോൽപ്പാവക്കൂത്ത്. രാത്രികാലങ്ങളിൽ ദേവീക്ഷേത്രങ്ങളിലാണ് തോൽപ്പാവക്കൂത്ത് അവതരിപ്പിക്കുന്നത്. മാൻതോലുകൊണ്ടാണ് പാവകൾ നിർമിക്കുന്നത്. എണ്ണ നിറച്ച തേങ്ങാമുറിയിൽ തിരികൾ കത്തിച്ചു വെയ്ക്കും. ഈ ദീപങ്ങളുടെ മുമ്പിൽ വയ്ക്കുന്ന പാവകളുടെ നിഴൽ, വെളുത്ത തിരശ്ശീലയിൽ വീഴുന്നു. രാമായണം കഥയാണ് തോൽപ്പാവക്കൂത്തിന്റെ വിഷയം.

തോൽപ്പാവക്കൂത്ത് കലാകാരൻമാരിൽ ശ്രദ്ധേയനാണ് പത്മശ്രീ രാമചന്ദ്രപുലവർ. സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനത്തിനെത്തിയ അദ്ദേഹവുമായി അഭിമുഖം നടത്തിയാലോ? അഭിമുഖത്തിനായി അഞ്ച് ചോദ്യങ്ങളെങ്കിലും ഉൾപ്പെട്ട ചോദ്യാവലി തയാറാക്കണം.

**പ്രവർത്തനം 3 (എ) ലഘു ഉപന്യാസം തയാറാക്കുക**

ലഹരി ഒരു മരുന്നല്ല, രോഗമാണ്.

"ലഹരിരഹിതജീവിതം നിത്യഹരിതജീവിതം"

ആദ്യം തീ
പിന്നെ പുക
ഒടുവിൽ ചാരം

"ലഹരി മരണക്കെണിയാണ്, അതിൽ വീഴാതിരിക്കുക."

"ജീവിതം ഒരു വിലപ്പെട്ട സമ്മാനമാണ്, അത് മയക്കുമരുന്നിന് വേണ്ടി പാഴാക്കരുത്."

വലിച്ച് ചുരുക്കിയതും കുടിച്ച് തീർത്തതുമൊക്കെ നിന്റെ സ്വപ്നങ്ങൾ തന്നെയാടോ.

സ്വന്തം ജീവിതം കാർന്നു തിന്നുന്ന ലഹരി നമുക്ക് വേണ്ട, ചിന്തിക്കൂ...... പ്രവർത്തിക്കൂ....

മുകളിൽ കൊടുത്ത വാക്യങ്ങൾ വായിക്കൂ. സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ലഹരി എന്ന മാരകവിപത്തിനെ കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ. 'ലഹരിമുക്ത കേരളം' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയാറാക്കുക.

**(ബി)** 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന ശൈലി കൊണ്ട് അർഥമാക്കുന്നതെന്ത്?

(എ) മരിക്കാനായി ജീവിക്കുന്നു.

(ബി) മരിച്ചതുപോലെ ജീവിക്കുന്നു.

(സി) ജീവിച്ചു മരിക്കുന്നു.

**പ്രവർത്തനം – 4 (എ) ആമുഖക്കുറിപ്പെഴുതുക**

> നിലാവെട്ടത്തിൽ ദൃശ്യചാരുതയിൽ തിളങ്ങിനിൽക്കുന്ന തിങ്കളിനെ ഒന്നു തൊടാനും ഉമ്മവയ്ക്കാനും കൊതിക്കാത്ത ബാല്യങ്ങളുണ്ടാവില്ല. ഭൂമിയുടെ സ്വന്തം ചന്ദ്രന്റെ വിശേഷങ്ങളാണ് ഈ ചാന്ദ്രദിനപ്പതിപ്പിന്റെ അകത്താളുകളിൽ. കൗതുകവും ജിജ്ഞാസയും വളർത്തുന്ന വസ്തുതകൾ ഓരോന്നായി പെയ്തിറങ്ങുകയാണ്. ഇവയിൽ കണ്ടെത്തലുകളും സമാഹരിക്കപ്പെട്ടവയുമുണ്ട്, പുതിയ രചനകളുണ്ട്.
>
> അമ്പിളിപ്പുറത്തേറിയ കുഞ്ഞു മനസ്സുകളുടെ രചനകൾ ഈ പതിപ്പിനെ മികവുറ്റതാക്കുന്നു.
>
> ചാന്ദ്രദിനപ്പതിപ്പിന് ആമുഖക്കുറിപ്പ് – തയാറാക്കിയത് ജിതിൻ വി.

കേരളപ്പിറവിദിനത്തോടനുബന്ധിച്ച് നാടൻകലാരൂപങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾ തയാറാക്കുന്ന പതിപ്പിന് ആമുഖക്കുറിപ്പ് എഴുതൂ. പതിപ്പിൽ നാടൻ കലാരൂപങ്ങളുടെ ചിത്രങ്ങൾ, ഉത്ഭവം, ഐതിഹ്യം, വേഷം, വാദ്യോപകരണങ്ങൾ, കലാകാരൻമാരുമായുള്ള അഭിമുഖം എന്നിവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയാമല്ലോ.


**(ബി)** ജീൻ ക്രിസ്റ്റഫ്, മൂളി നടന്ന പാട്ടുകൾ ചേർത്ത് തയാറാക്കിയ പുസ്തകത്തിന്റെ പേര്?

(എ) റൈൻ നദിയിലെ ഓളങ്ങൾ

(ബി) ശൈശവത്തിന്റെ ആനന്ദം

(സി) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം

**പ്രവർത്തനം – 5 (എ) കഥാപാത്രനിരൂപണം തയാറാക്കുക**




സ്വന്തം മകനെപ്പോലെ മന്ദപ്പനെ സ്നേഹിച്ച അമ്മായിയെ നിങ്ങൾക്കിഷ്ടപ്പെട്ടല്ലോ. മുകളിൽ നൽകിയ സൂചനകളും പാഠഭാഗത്തു നിന്നുള്ള കൂടുതൽ വിവരങ്ങളും ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയാറാക്കൂ.

**(ബി)** 'മലമുകളിൽ മഞ്ഞു പെയ്തു. മഴ പോയി. വെയിൽ തിളങ്ങി'. എന്താണ് ഇവിടെ അർഥമാക്കുന്നത്?

(എ) മഞ്ഞു പെയ്തപ്പോൾ മഴ പോയി

(ബി) കാലം കടന്നു പോയി

(സി) മലയിലാണ് വെയിൽ തിളങ്ങിയത്

പ്രവർത്തനം - 6 **(എ) ആസ്വാദനക്കുറിപ്പ് തയാറാക്കുക**

കഥ വായിക്കൂ

മഴച്ചിന്തുകൾ

മേഘക്കീറുകൾക്കിടയിൽ വിങ്ങുകയായിരുന്ന മഴ പൊടുന്നനെ ഊർന്നിറങ്ങി. നേർത്ത നൂലുകളായി. പിന്നെ ഇഴ പിരിയാത്ത ചരടായി. മണ്ണിന്റെ ദാഹം തീർന്നിട്ടും മരങ്ങളുടെ ഉള്ളു കുളിർത്തിട്ടും മഴ പെയ്തുകൊണ്ടേയിരുന്നു.

വേനൽ ചുട്ടെരിച്ച തലപ്പുകളിൽ പടർന്നു കയറുന്ന പച്ചപ്പ്. മണ്ണിനടിയിൽ നിന്ന് ഉറക്കം വിട്ടുണരുന്ന വിത്തുകൾ.

കുളിര്, ഉറവ, നീരുറവകളുടെ ഘോഷയാത്ര.

നീർച്ചാലുകൾ പരുപരുത്ത പാറകളിൽ തട്ടിച്ചിതറി ദൂരേയ്ക്ക്. പുഴയുടെ മടിത്തട്ടിലെത്തിയത് മഴ അറിഞ്ഞതേയില്ല. തീരങ്ങളെ കവർന്നെടുത്ത് പിന്നേയും ചുവടുവയ്ക്കുകയാണ് പുഴ.

അടർന്നു വീഴുന്ന ചുവരുകൾ, അകത്തളങ്ങൾ, ഗതിയറ്റ ജീവൽത്തുടിപ്പുകൾ. പുഴയ്ക്കു വേദനിച്ചു. പക്ഷേ മഴയ്ക്ക് പെയ്യാതിരിക്കാനാവുന്നില്ലല്ലോ.!

മഴച്ചിന്തുകൾ - അജിത പി.

ഞാറ്റുവേലപ്പൂക്കൾ എന്ന കവിതയിലൂടെ ചില മഴച്ചിന്തകൾ പഠിച്ചല്ലോ. മുകളിൽ വായിച്ച കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

**(ബി)** 'മനസ്സ്' എന്ന് അർഥം വരുന്ന പദമേത്?

(എ) ചിത്തം

(ബി) അംഗം

(സി) ഹർഷം